പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 459 12.06.2012 -ലെ മറുപടി

## കെ.എസ്.ആർ.ടി.സി ബസ് ഷാസികൾ വാങ്ങിയ നടപടി

ചോദ്യം

ശ്രീ. എ. പ്രദീപ്കുമാർ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കെ.എസ്.ആർ.ടി.സി എത്ര ബസ് ഷാസികൾ വാങ്ങിയിട്ടുണ്ട്; | (എ) | 625 എണ്ണം |
| (ബി) | ഏതെല്ലാം കമ്പനികളിൽ നിന്നാണ് ബസ് ഷാസികൾ വാങ്ങിയത്; | (ബി) | Ashok Leyland , Tata എന്നീ കമ്പനികളിൽ നിന്നുമാണ് ബസ് ചേസ്സിസ്സുകൾ വാങ്ങിയത്.<br><br>Ashok Leyland - 375<br>Tata - 250 |
| (സി) | ഇതിൽ എത്ര ഷാസികൾ പണി പൂർത്തിയാക്കി നിരത്തിലിറക്കി; | (സി) | 31.05.2012 വരെ 301 ബസ്സുകൾ പണി പൂർത്തിയാക്കി രജിസ്റ്റർ ചെയ്ത് നിരത്തിലിറക്കിയിട്ടുണ്ട്. |
| (ഡി) | ഇനിയും ഷാസികൾ പണി പൂർത്തിയാക്കുന്നതിന് ബാക്കിയുണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ; | (ഡി) | ബസ് ബോഡി നിർമ്മാണത്തിനുള്ള സുപ്രധാന സാധന സാമഗ്രികളുടെ വാങ്ങലിനെ സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതിയിൽ വ്യവഹാരം ഉണ്ടായതിനാൽ പ്രസ്തുത സാധനത്തിന്റെ കേന്ദ്രീകൃത വാങ്ങൽ തടസ്സപ്പെട്ടതുമൂലവും, ജീവനക്കാരുടെ കുറവ് മൂലവും ബസ്സ് ബോഡി നിർമ്മാണം പൂർണ്ണ ശേഷിയിൽ നടപ്പാക്കാൻ കഴിയാതെ വന്നതാണ് ഇതിനു കാരണം. |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത ഷാസികൾ എത്ര കാലത്തേയ്ക്കാണ് കമ്പനി വാറണ്ടി നൽകിയത്; | (ഇ) | വാഹനനിർമ്മാതാക്കളുമായുള്ള കരാർ പ്രകാരം, ബസ് രജിസ്റ്റർ ചെയ്ത് നിരത്തിലിറക്കുന്ന ദിവസം മുതൽ ഒന്നര വർഷത്തേയ്ക്കോ അല്ലെങ്കിൽ ഒന്നര ലക്ഷം കിലോമീറ്ററോ ഏതാണോ ആദ്യം വരുന്നത്, അതായിരിക്കും വാറന്റി കാലാവധി. |
| (എഫ്) | വാറണ്ടി സമയത്തിനകം പണി പൂർത്തീകരിക്കാത്ത എത്ര ഷാസികൾ ബാക്കിയുണ്ടെന്ന് അറിയിക്കുമോ? | (എഫ്) | വാറന്റി സമയത്തിനകം പണി പൂർത്തീകരിക്കാത്ത ഒരു ചേസ്സിസ്സും ഇല്ല. |

സെക്ഷൻ ഓഫീസർ